(ബി) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും താലൂക്കാസ്ഥാനങ്ങളിലും സ്ഥിരം വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങുക എന്നത് ബുക്ക് മാർക്കിന്റെ ലക്ഷ്യങ്ങളിലൊന്നാണ്.

തീർത്ഥാടകർക്കായി പന്തളത്ത് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

55 [3343] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമെന്ന നിലയിൽ പന്തളത്ത് തീർത്ഥാടകർക്കായി എന്തൊക്കെ പുതിയ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ശബരിമല സീസണിൽ പന്തളത്ത് അനുഭവപ്പെടുന്ന ഭക്തജനത്തിരക്ക് കണക്കിലെടുത്ത് പന്തളത്ത് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുവാൻ പന്തളത്ത് വച്ച് ഒരു പ്രത്യേക ചർച്ചായോഗം സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശബരിമല ദർശനത്തിനുവേണ്ടി പന്തളം വഴി എത്തുന്ന തീർത്ഥാടകർക്ക് പരമാവധി സൗകര്യങ്ങൾ ദേവസ്വം ബോർഡ് ഒരുക്കി വരുന്നുണ്ട്. ഭക്തർക്ക് പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുക, കുടിവെള്ളം ലഭ്യമാക്കുന്നതിന് ഒരു കുഴൽ കിണർ നിർമ്മിക്കുക, നദീതീരത്ത് ആവശ്യമായ ബാരിക്കേഡുകൾ നിർമ്മിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി, തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയും കഴിയാവുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ സഹകരിച്ചുവരുന്നു.

(ബി) ശബരിമല ഉത്സവത്തോടനുബന്ധിച്ച് ദേവസ്വം വകുപ്പുമന്ത്രിയും പത്തനംതിട്ട ജില്ലാ കളക്ടറും വിളിച്ചു ചേർക്കുന്ന വിവിധ വകുപ്പുതല ഉദ്യോഗസ്ഥരുടെ ആലോചനായോഗങ്ങളിൽ പന്തളത്തെ സൗകര്യങ്ങളും ചർച്ച ചെയ്യാറുണ്ട്. അതിനാൽ പന്തളത്ത് ഒരു പ്രത്യേക യോഗം വിളിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല.

തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്ര ഭരണസമിതിയെക്കുറിച്ചുള്ള അഴിമതി ആരോപണം

56 [3344] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ താലൂക്കിൽപ്പെട്ട തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്ര സംരക്ഷണ സമിതി, പ്രസ്തുത ക്ഷേത്രത്തിൽ നടക്കുന്ന അഴിമതികളേയും ധൂർത്തിനേയും കുറിച്ച് സർക്കാരിന് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതിയെക്കുറിച്ച് ഏത് തലത്തിലുള്ള അന്വേഷണമാണ് നടത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അഴിമതി നടത്തിയിട്ടുള്ള ഇപ്പോഴത്തെ ഭരണസമിതിയെ പിരിച്ചുവിടുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള ഭരണസമിതി രൂപീകരിക്കപ്പെട്ടിട്ടുള്ളത് എപ്രകാരമാണ്;

(എഫ്) ഭരണസമിതിക്ക് ദേവസ്വം ബോർഡിന്റെ അംഗീകാരം ഉണ്ടോ;

(ജി) ഇല്ലെങ്കിൽ ഇപ്പോഴുള്ള ഭരണസമിതിയെ പിരിച്ചുവിടുന്നതിനും പകരം ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ ക്ഷേത്രഭരണം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചിൻ ദേവസ്വം ബോർഡ് മുഖേന അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

(സി, ഡി) ഇല്ല. അന്വേഷണ റിപ്പോർട്ട് ലഭിക്കാതെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവില്ല.

(ഇ) പാരമ്പര്യ ട്രസ്റ്റിമാരുടെ പ്രതിനിധികളും ഭക്തജനങ്ങളുടെ പ്രതിനിധികളും അടങ്ങുന്ന ഒരു രജിസ്ട്രേഡ് ട്രസ്റ്റാണ് ഭരണം നടത്തുന്നത്.

(എഫ്) ഉണ്ട്.

(ജി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ലെന്ന് കൊച്ചിൻ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ നൽകിയ സഹായം

57 [3346] ശ്രീ. എ. കെ. ബാലൻ:
,, പിരപ്പൻകോട് മുരളി:
,, കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായം ഏതെല്ലാം മേഖലയിലാണ് ഉപയോഗിച്ചിരിക്കുന്നത്;

(സി) ഓരോ മേഖലയിലും എത്ര കോടി രൂപാവീതം വിനിയോഗിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly